# ആമുഖം

ഏതൊരു ദേശത്തിന്റെയും സാംസ്ക്കാരികമായ വളച്ചയ്ക്ക് ആവശ്യം വേണ്ടത് വിദ്യാഭ്യാസ പുരോഗതിയാണെന്ന യാഥാർത്യം മനസിലാക്കി പ്രവർത്തിച്ച പുരോഗമന വാദിയായ സാമൂഹ്യ പരിഷ്കർത്താവായിരുന്നു യശ: ശരീരനായ ശ്രീ സി.എൻ തുപ്പൻ നമ്പൂതിരി . ആദ്ദേഹം കുമാരനല്ലൂർ ദേവസ്വത്തിന്റെ ഉടമസ്ഥതയിൽ കൊല്ലവർഷം 1081 കന്നിമാസത്തിലെ വിജയദശമി നാളിൽ സ്ഥാപിച്ച സംസ്കൃത വിദ്യാലയം 1948 ൽ ഇംഗ്ലീഷ് വിദ്യാലയമായി മാറി . ചേരമാൻ പെരുമാൾ സ്ഥാപിച്ചു ഭാരതമൊട്ടാകെ അറിയപ്പെടുന്ന ചരിത്രപ്രസിദ്ധമായ കുമാരനല്ലൂർ ദേവീക്ഷേത്രത്തോട് ചേർന്ന് സ്ഥിതി ചെയ്യുന്ന ദേവീ വിലാസം വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂൾ ഇന്ന് അക്ഷരനഗരിയായ കോട്ടയം ജില്ലയിലെ മുഖ്യ ധാര വിദ്യാലയങ്ങളിൽ പ്രമുഖ സ്ഥാനം അലങ്കരിക്കുന്നു. ഈ സരസ്വതി ക്ഷേത്രത്തിൽ ഇംഗ്ലീഷ് മീഡിയം മലയാളം മീഡിയം എന്നി വിഭാഗങ്ങളിലായി ആൺ കുട്ടികൾക്കും പെൺകുട്ടികൾക്കും പ്രവേശനം നൽകുന്നതിന് പുറമെ സംസ്കൃതം പഠിക്കുവാനും അവസരമുണ്ട്.

അഞ്ചാം ക്ലാസ്സ് മുതൽ പത്താം ക്ലാസ്സ് വരെയുള്ള ഹൈസ്കൂൾ വിഭാഗത്തോട് ചേർന്ന് കമ്പ്യൂട്ടർ ആപ്ലിക്കേഷൻ, മെഡിക്കൽ ലാബ് ടെക്നീഷൻ എന്നി വിഷയങ്ങൾ ഐച്ഛികമായെടുത്ത് പഠിക്കാവുന്ന വൊക്കേഷണൽ ഹയർ സെക്കന്ററി വിഭാഗവും പ്രവർത്തിക്കുന്നു .

ഐടി അധിഷ്ഠിത ബോധന സമ്പ്രദായത്തോടൊപ്പം വിദ്യാർത്ഥികളുടെ ശാരീരികവും മാനസികവും ബൗദ്ധികവുമായ വളർച്ചയെ ലക്ഷ്യമാക്കി പ്രവർത്തിക്കുന്ന ഗൈഡ്, ജൂനിയർ റെഡ്ക്രോസ് തുടങ്ങിയ സംഘടനകളും ഇവിടെ പ്രവർത്തിക്കുന്നു. കലാകായിക പ്രവർത്തി പരിചയ മേഖലകളിൽ പ്രത്യേകം പരിശീലനം നൽകുന്നു. അതോടൊപ്പം കുട്ടികളെ മാനസികമായി ശാക്തീകരിക്കുന്നതിന് ഉതകുന്ന കൗൺസിലിംഗ് ക്ലാസ്സുകളും നൽകാറുണ്ട്.

# സ്കൂൾ വിവരങ്ങൾ

| | | |
|---|---|---|
| പേര് | : | ദേവീ വിലാസം വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂൾ കുമാരനല്ലൂർ |
| വാർഡ് | : | ടെംപിൾ വാർഡ് നമ്പർ 8 |
| ഇ മെയിൽ | | dvhskumaranaloor@gmail.com |
| സി .ർ .സി | | ഗവ : യു പി എസ് പുത്തേട്ട് |
| പഞ്ചായത്ത് /മുൻസിപ്പാലിറ്റി | : | കോട്ടയം മുൻസിപ്പാലിറ്റി |
| ബ്ലോക്ക് | : | ഏറ്റുമാനൂർ |
| റവന്യൂ ജില്ല | : | കോട്ടയം PIN : 686016 |
| വിദ്യാഭ്യാസ ജില്ലാ | : | കോട്ടയം വെസ്റ്റ് |
| ഹെഡ്മിസ്ട്രസ് | : | ശ്രീമതി ശ്രീകല .സി .എൻ |
| Ph: | : | 0481-2311269(office)<br>9446759693 HM) |
| സ്കൂൾ code | : | 33049 |
| ആകെ കുട്ടികൾ : | : | 499 (U . P 207, HS-292) |
| ആകെ സ്റ്റാഫ് : | : | അധ്യാപകർ - 23<br>അനധ്യാപകർ- 3 |

സ്കൂളിലെ ഭൗതികസാഹചര്യങ്ങൾ ഒറ്റനോട്ടത്തിൽ

- ആവശ്യത്തിനുള്ള ക്ലാസ്സ് മുറികൾ
- പ്രധാന അധ്യാപികക്കുള്ള മുറി
- ഓഫീസ് മുറി
- അധ്യാപകർക്കുള്ള മുറി
- ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും പ്രത്യേകം ടോയ്‌ലറ്റ്
- വെൻഡിങ് മെഷീൻ & ഇൻസിനേറ്റർ
- കുടിവെള്ളം ലഭ്യത
- ചുറ്റുമതിൽ, ഗേറ്റ്
- കളിസ്ഥലം
- CWSN കുട്ടികൾക്ക് ക്ലാസ്സ് റൂം, ഹാൻഡ് റെയിൽ ടോയ്‌ലറ്റ്
- കമ്പ്യൂട്ടർലാബ്, സയൻസ്ലാബ്
- ലൈബ്രറി സൗകര്യം
- പാചകശാല, ഡൈനിംഗ്ഹാൾ
- വാഹനസൗകര്യം - വാഹന പാർക്കിങ്ങ് സൗകര്യം

## ഉപമേഖല

## ഭൗതിക സൗകര്യങ്ങൾ

| | | |
|---|---|---|
| ശുചിത്വം ആരോഗ്യം | : | നിലവിലുള്ള സൗകര്യങ്ങൾ മികച്ച രീതിയിലും, വൃത്തിയായും സംരക്ഷിക്കുക |
| സ്കൂൾപരിസരം ഹരിതാഭമാക്കാൻ | : | പച്ചക്കറി തോട്ടം , തുളസീവനം, മരങ്ങൾ നട്ടു വളർത്തൽ,സീഡ് പ്രവർത്തനം |
| ജലസംരക്ഷണം | : | ആവശ്യത്തിന് മഴക്കുഴികൾ സ്ഥാപിക്കുക നിലവിലുള്ളത് മെച്ചപ്പെടുത്തുക. കിണറുകളും വാട്ടർ ടാങ്ക് കളും വൃത്തിയായി സംരക്ഷിക്കുക |
| യോഗ പരിശീലനം | : | വായുസഞ്ചാരമുള്ള ഓഡിറ്റോറിയം നവീകരിക്കുക, പൊതുപരിപാടികൾക്ക് ഉപകാരപ്രദമാക്കുക |
| മാലിന്യസംസ്ക്കരണം | : | ജൈവ - അജൈവ മാലിന്യങ്ങൾ തരംതിരിച്ചു സംസ്കരിക്കാനുള്ള ക്രമീകരണം |
| ഓഫീസ് ഡിജിറ്റലൈസ് ചെയ്ത് ദൈനംദിന പ്രവർത്തനങ്ങൾ സുഗമമാക്കൽ | : | എല്ലാ രജിസ്റ്ററുകളും ഡിജിറ്റലായി സൂക്ഷിക്കുവാനുള്ള സംവിധാനം വികസിപ്പിക്കുക പ്രിൻറർ , സ്കാനർ ,, കംപ്യൂട്ടറുകൾ കാര്യക്ഷമമായവ നവീകരിക്കുക |
| Smart classrooms : | : | UP ക്ലാസ്സുകൾ smart class rooms ആകുന്നതിന് separate ഷട്ടർ ഇട്ടു ക്രമീകരിക്കുക. projector സംവിധാനം ഒരുക്കുക. ഡിജിറ്റൽ ബോർഡ് സ്മാർട്ട് ടീവി സംവിധാനം ക്രമേണ വികസിപ്പിച്ചെടുക്കുക |

| | | |
|---|---|---|
| കളിസ്ഥലം ആരോഗ്യത്തിനും ആനന്ദത്തിനും | : | മഴക്കാലത്ത് വെള്ളം കെട്ടി നിൽക്കുന്ന ഭാഗങ്ങൾ Tile/chips ഇട്ടു വൃത്തിയാക്കുക. |
| Shuttle / Badmiton Court | : | പ്രതിഭകളെ കൂടുതൽ മികവിലേക്കു എത്തിക്കാൻ. |
| ലാബുകൾ | : | സയൻസ്, സോഷ്യൽ, മാത്സ് ലാബുകൾ കൂടുതൽ മികവിലേയ്ക്കു ഉയർത്തുക |
| Sick Room | : | നിലവിൽ ഉള്ളതിനേക്കാൾ കൂടുതൽ സജീകരണങ്ങൾ ഒരുക്കി വികസിപ്പിക്കുക |
| ലൈബ്രറിനവീകരണം | : | പതിനായിരത്തോളം പുസ്തകങ്ങൾ നിലവിൽ ഉണ്ടെങ്കിലും വേണ്ട വിധം പ്രദർശിപ്പിക്കാനുള്ള സൗകര്യമില്ല ഡിജിറ്റലൈസ് ചെയ്യുന്നത് കൂടുതൽ നല്ലത് . Separate reading room പണിയണം |
| ഡൈനിംഗ്റൂം നവീകരണം | : | ആവശ്യത്തിനുള്ള പാത്രങ്ങൾ ഒരുക്കുക , മേൽക്കൂര സീലിങ്ങ് ചെയ്തു വൃത്തിയാക്കുക പാത്രങ്ങൾ സജ്ജികരിക്കാൻ ഷെൽഫുകൾ ഉള്ളത് നവീകരിക്കുക. |
| ഗൈഡ് ,റെഡ്ക്രോസ് കുട്ടികൾക്കുള്ള മുറി | : | ഗൈഡ് ,റെഡ്ക്രോസ് കുട്ടികളുടെ സാധനങ്ങൾ സൂക്ഷിക്കുന്നതിനും അവർക്കു വേഷം മാറുന്നതിനും പ്രത്യേകം മുറി ആവശ്യമാണ് |

# അക്കാദമികമാസ്റ്റർപ്ലാൻ

# മുൻ വർഷത്തെ അക്കാദമിക മാസ്റ്റർ പ്ലാനിലെ പ്രവർത്തനങ്ങളുടെ വിലയിരുത്തൽ

**2025 - 26 അധ്യയനവർഷം സമഗ്രഗുണമേന്മാ വർഷമായി പരിഗണിക്കുന്നു. ജൂൺ 2025 AMP മാർഗരേഖ അനുസരിച്ചു മുൻ വർഷത്തെ AMP വിലയിരുത്തി പോരായ്മകളും നേട്ടങ്ങളും തിരിച്ചറിഞ്ഞു ലക്ഷ്യംവെച്ച പദ്ധതികൾ ഭാഗികമായി നേടാൻ സാധിച്ചു**

**പുതിമാർഗരേഖ അനുസരിച്ചു മുൻപ് പോരായ്മകൾ ഉണ്ടായിരുന്നു.അതു പ്രകാരം 2025-26 ൽ സമഗ്രമായി പരിഷ്കരിച്ചു .**

# അവസ്ഥ വിശകലനവും മുൻഗണനകളും

**ശക്തി**

**ദൗർബല്യം**

**സാധ്യത**

**വെല്ലുവിളി**

**മുൻഗണനാ : (1) മുഴുവൻ ക്ലാസ്സുകളും Smart Room ആകുക**

**(2) അധ്യാപക ശാക്തീകരണത്തിന്റെ പങ്കാളിത്തം ഉറപ്പാക്കുക .**

**വിശകലനം : പഠന പിന്തുണ ആവശ്യമുള്ള കുട്ടികളെ ആദ്യം തന്നെ കണ്ടെത്തി (30% താഴെ മാർക്ക്) പ്രത്യേക പരിശീലനം നൽകുന്നു.**

**UP & HS: അക്കാദമിക പ്രശ്നങ്ങൾ**

1: പ്രശ്നങ്ങൾ അതാതു സമയത്തു കണ്ടെത്തി പരിഹരിക്കുന്നുണ്ട്

2: പ്രത്യേകമായി മുൻഗണന നൽകുന്നു

# പ്രവർത്തന പദ്ധതി

# പൊതുവായ പ്രവർത്തനങ്ങൾ

| | |
|---|---|
| പ്രതിഭ സംഗമം | തയ്യാറെടുത്തത് ഒരാഴ്ച്ച |
| ചെലവ് | 1 ലക്ഷം |
| പരിപാടി : | 1 Day |
| ചുമതല : | സ്റ്റാഫ് സെക്രട്ടറി & ടീം. |
| ലക്ഷ്യം | അക്കാദമിക തലത്തിൽ ഉള്ള വളർച്ച<br>മറ്റു കുട്ടികൾക്ക് പ്രചോദനം . |
| കൗൺസിലിങ്ങ് | രക്ഷിതാക്കൾക്കും കുട്ടികൾക്കും |
| | ലഹരിവിരുദ്ധം |
| | പരീക്ഷ മുന്നൊരുക്കം |
| | സ്വഭാവരൂപീകരണം |
| | പോഷകാഹാരം (കലാ കായികം ) |
| | ടീൻസ് ക്ലബ് (കൗമാര പ്രശ്നങ്ങൾ ) |
| | റോഡ് സുരക്ഷാ (വിവിധ സുരക്ഷാ മാർഗ്ഗങ്ങൾ) |

- ദിനാചരണങ്ങൾ (സംസ്ഥാനവിദ്യാഭ്യാസ വകുപ്പ് നിശ്ചയിച്ചിട്ടുള്ളത് )
- കർക്കടക മാസാചരണം
- പരിശീലനം ഡടടട/നമ്മ്സ്
- ശില്പശാലകൾ വ്യക്തി വികസനത്തിന് ഉതകുന്നത് .
- കലാ കായിക പരിശീലനം

# വിവിധതല പ്രവർത്തന ഏകോപനം

**DEG / ജില്ലാ പഞ്ചായത്തു /മുൻസിപ്പാലിറ്റി (പ്രോജക്ടുകൾ) എന്നിവടങ്ങളിൽ നിന്നും നിർദ്ദേശങ്ങൾ ലഭിക്കുന്നതനുസരിച്ചു യോഗം ചേർന്ന് ഇത്തരം പ്രവർത്തനങ്ങളുടെ ഏകോപനം ഉറപ്പാക്കുന്നു.**

**സാമ്പത്തിക ബുദ്ധിമുട്ടുള്ള കുട്ടികൾക്കും അടിയന്തിര സാഹചര്യങ്ങളിൽ സഹായം (അപകടം) വേണ്ട കുട്ടികൾക്കും പഠനസഹായങ്ങൾ, ഭവനനിർമ്മാണം , ഡിജിറ്റൽ സംവിധാനങ്ങൾ,സ്കൂളിലെ ഭൗതിക സാഹചര്യങ്ങൾ ക്ലബ് പ്രവർത്തനങ്ങൾ തുടങ്ങിയവ PTA ,SMC ,പൂർവ വിദ്യാർത്ഥി സംഘടന, മറ്റു സംഘടനകൾ എന്നിവയുടെ പങ്കാളിത്തത്തോടെ നടത്തുന്നു**

## പ്രവർത്തന കലണ്ടറും മോണിറ്ററിംഗ് സംവിധാനവും

2025 - 2026 വർഷത്തിൽ സ്കൂൾ തല AMP നടപ്പാക്കുന്നതിന് പ്രവർത്തനകലണ്ടർ ഉണ്ടാക്കി.വിവിധ ചുമതലകൾ വിഭജിച്ചു നൽകി .പ്രവർത്തന പുരോഗതി വിലയിരുത്താൻ സുജ കെ യെ ചുമതലപ്പെടുത്തി .സ്റ്റാഫ് മീറ്റിംഗ് എല്ലാ മാസവും ആദ്യത്തെ തിങ്കളാഴ്ച നടത്തും(സാഹചര്യം അനുസരിച്ചു മാറ്റം പരിഗണിക്കും). കൂടാതെ അത്യാവശ്യ ഘട്ടങ്ങളിൽ (ഉദാ : അക്കാദമിക വർഷത്തിൽ നടക്കുന്ന എല്ലാ പരീക്ഷകൾക്കും മുൻപ് + കലാകായിക ,സയൻസ് ഫെസ്റ്റ് തുടങ്ങിയവയ്ക്കു മുൻപ് etc) സ്റ്റാഫ് മീറ്റിംഗ് ഉറപ്പാക്കും . SRG അധ്യയനവർഷാരംഭത്തിലും എല്ലാ മാസവും 2 തവണയും ( ആദ്യ വെള്ളിയാഴ്ച, മൂന്നാം വെള്ളിയാഴ്ച്ചയും) SRG കൺവീനറുടെ നേതൃത്വത്തിൽ നടത്തും . PTA മീറ്റിംഗ് മാസത്തിൽ ഒരു പ്രാവശ്യം (ആദ്യത്തെ ബുധനാഴ്ച) നിശ്ച്ചയിച്ചു . സ്കൂൾ സ്റ്റഫ് മീറ്റിംഗ് ഇത് ചർച്ച ചെയ്തു എല്ലാ കാര്യങ്ങളും വിലയിരുത്തി മാറ്റങ്ങൾ തീരുമാനിക്കും .എല്ലാ പ്രവർത്തനങ്ങളും നിരന്തരം വിലയിരുത്തി മുന്നേറുന്നതിനു സ്റ്റാഫുകൾ , PTA മാനേജ്മെന്റ് പ്രതിനിധി തുടങ്ങിയ സ്കൂൾ സഹായക സംവിധാനത്തെ ഉപയോഗപ്പെടുത്തും .വിശദമായ ചർച്ച , നിർദ്ദേശങ്ങൾ ,നേട്ടങ്ങളെയും ,പരിമിതികളെയും തിരിച്ചറിഞ്ഞു പരിഹാര മാർഗ്ഗങ്ങൾ നിശ്ച്ചയിക്കുക, വിദഗ്ദോപദേശങ്ങൾ ആവശ്യമെങ്കിൽ തേടുക തുടങ്ങിയ രീതികൾ വിലയിരുത്തലിൽ ഉറപ്പാക്കും

# ഉപസംഹാരം

## നിർദ്ദേശങ്ങൾ /പരിഷ്ക്കാരങ്ങൾ

# കാഴ്ചപ്പാടും ദിശയും പൊതുധാരണകളും

ഗുണമേന്മയുള്ള വിദ്യാഭ്യാസം കുട്ടികളുടെ അവകാശം എന്ന കാഴ്ചപ്പാട് മുൻനിർത്തിയും മികവ് എന്നാൽ അക്കാദമികമികവാണ് എന്ന ചിന്തയിലൂടെയും വരുന്ന മൂന്നാം അധ്യയനവർഷം മുന്നേറുക എന്നതാണ് സ്കൂളിന്റെ ലക്ഷ്യം . 2025/26 വർഷം സംസ്ഥാനതലത്തിൽ സമഗ്രഗുണമേന്മ വർഷമായി സംസ്ഥാനതലത്തിൽ പരിഗണിക്കുന്നതിനാൽ അതിനനുബന്ധമായ പ്രവർത്തനങ്ങൾ സ്കൂൾ നടത്തുവാൻ തീരുമാനിച്ചു.

കുട്ടികളുടെ സമഗ്രവികസനത്തിന്റെ ഭാഗമായ ശാരീരിക , മാനസിക ബൗദ്ധിക ,വൈകാരിക സാമൂഹിക ഘടകങ്ങളുടെ ശാസ്ത്രീയവും പ്രായത്തിനനുഗുണമായ പ്രായോഗിക വളർച്ചയും ലക്ഷ്യമായി പരിഗണിക്കുന്നു. ഓരോ കുട്ടിക്കും ജീവിതം കെട്ടിപ്പെടുക്കാൻ ഉതകുന്ന പദ്ധതികൾ വിവേകബുദ്ധി, വിവേചനബുദ്ധി സഹജീവിസ്നേഹം വിമർശനാത്മകബുദ്ധി എന്നിവ എല്ലാ പഠിതാക്കളിലും വികസിപ്പിക്കുക എന്നതു പദ്ധതിയും ലക്ഷ്യവും ആയി പരിഗണിക്കുന്നു .

മതനിരപേക്ഷതയും ,മാനവികതയും ജനാധിപത്യ ബോധത്തിന്റെയും അനുഭവപൂർവ്വമായ അറിവ് കുട്ടികൾക്കു ലഭിക്കുന്ന ഇടമായി സ്കൂൾ ക്യാമ്പസിനെ മാറ്റുക എന്നതും ലക്ഷ്യങ്ങളിൽ ഉൾപ്പെടുത്തി .

ഭരണഘടന ഉയർത്തിപ്പിടിക്കുന്ന അടിസ്ഥാനമൂല്യങ്ങളും നിലപാടുകളും മാർഗ്ഗങ്ങളായി സ്വീകരിച്ചുനടപ്പാക്കുന്ന പദ്ധതിയിലൂടെ കുട്ടികൾക്ക് ലഭിക്കുന്ന അറിവ് ജീവിതവുമായി ബന്ധിപ്പിക്കാൻ സാധിക്കും എന്ന് തിരിച്ചറിയുന്നു.

പരസ്പര സഹകരണത്തിന്റെ ഇടമായി വിദ്യാലയത്തെ മാറ്റുക , അക്കാദമിക പ്രവർത്തനങ്ങളുടെ കാര്യക്ഷമത വർദ്ധിപ്പിക്കുക എന്നിവ എല്ലാ കുട്ടികളെയും പരിഗണിച്ചുകൊണ്ടുള്ള പദ്ധതിയായ വിലയിരുത്തുന്നു. വിജ്ഞാനസമൂഹത്തിന്റെ പ്രശ്ന നിർധാരണം പ്രധാനമായി കാണുന്നു. ഡാറ്റകളുടെ ശേഖരണവും വിശകലനവും പ്രധാനമാണ്. സമൂഹത്തിന്റെ പങ്കാളിത്തം സ്കൂളിന് വളരെ പ്രധാനപെട്ടതാണ് .

5 മുതൽ 10 വരെയുള്ള ഓരോ ക്ലാസ്സിലും കുട്ടി പാഠ്യപദ്ധതി ലക്ഷ്യമിട്ട നിലവാരത്തിലുള്ള ധാരണകളും ശേഷികളും നേടുന്നുണ്ട് എന്ന് ഉറപ്പു വരുത്തും . സാമൂഹിക മൂല്യങ്ങൾ വികസിപ്പിക്കാനാവശ്യമായ അനുഭവങ്ങൾ ഒരുക്കുക. കുട്ടികളുടെ അറിവും ധാരണകളും പ്രായാനുസൃതമായി എത്ര വികസിപ്പിക്കണം എന്നതു പാഠ്യപദ്ധതിയിൽ തിട്ടപ്പെടുത്തിയത് സമയബന്ധിതമായ പ്രവർത്തനങ്ങളിലൂടെ നേടുക .

പഠനത്തിനും വികസനത്തിനും സ്വന്തം കഴിവുകൾ കണ്ടെത്തി ഉയർന്ന തലത്തിലേക്ക് എത്തിക്കാനും പരിമിതികൾ മറികടക്കുവാനും അവസരമുണ്ടാകുക.

മാതൃഭാഷ , ഇംഗ്ലീഷ് , ഹിന്ദി, സോഷ്യൽ ലാംഗ്വേജ് എന്നിവയിൽ ഉയർന്ന ശേഷി കൈവരിക്കുക .

സ്ത്രീപുരുഷബന്ധം, ലിംഗസമത്വം എന്നിവയെ കുറിച്ചുള്ള കാഴ്ചപ്പാട് രൂപപ്പെടുത്തുക .സ്കൂൾപാർലമെന്റ് ശക്തിപ്പെടുത്തുക , ദിനാചരണങ്ങൾ യാന്ത്രികമാകാതെ അർത്ഥപൂർണമാകാൻ ശ്രദ്ധിക്കുക. പാരിസ്ഥിതികബോധം , സാമൂഹികാവബോധം , മാലിന്യനിർമാർജ്ജനബോധം , ശാസ്ത്രാവബോധം എന്നിവയുടെ വികസനത്തിനുള്ള അനുഭവങ്ങൾ പ്രദാനം ചെയ്യുക .

പ്രത്യേക പരിഗണന അർഹിക്കുന്ന വിദ്യാർത്ഥികൾ , ഭിന്നശേഷിയുള്ള വിദ്യാർത്ഥികൾ എന്നിവർക്കുൾപ്പെടെ പ്രയോജനപ്പെടുന്ന ആധുനിക ശാസ്ത്ര സാങ്കേതിക സാധ്യതകൾ കൂടുതൽ കാര്യക്ഷമമാക്കുക.

ഓരോ കുട്ടികളും മികവിന്റെ ഉടമകളാണെന്നു രക്ഷാകർത്താക്കളെയും പൊതു സമൂഹത്തെയും ബോധ്യപ്പെടുത്താൻ ഉള്ള സംവിധാനം കൂടുതൽ പ്രവർത്തന ക്ഷമമാക്കുക.

കുട്ടികളുടെ കഴിവുകളെ കൂട്ടമായും വ്യക്തിഗതമായും വിലയിരുത്താൻ ഉള്ള രീതി ഫലപ്രദമാക്കുക. മൂല്യ നിർണ്ണയം- കുട്ടികളുടെ ശക്തിയെ കണ്ടെത്തി കൂടുതൽ ഉയരത്തിൽ എത്തിക്കാനും പരിമിതികളെ മറികടക്കാൻ ആവശ്യമായ പഠന പിന്തുണ നൽകാനും അധ്യാപകരെ സഹായിക്കുന്ന ഉപാധി എന്ന നിലയിലേക്ക് ഉയർത്തുക.

എഴുത്തു പരീക്ഷയിൽ 30% ൽ കൂടുതൽ സ്കോർ എല്ലാ ക്ലാസ്സിലും എല്ലാ കുട്ടികൾക്കും ഉറപ്പാക്കുക. വായന,ആലാപനം, എഴുത്ത് ,സർഗാത്മക രചനകൾ എന്നിങ്ങനെയുള്ള വ്യത്യസ്തമായ കഴിവുകൾ വികസിപ്പിച്ചെടുക്കുക .വിലയിരുത്തലുകൾ സഹിതം പോർട്ടലിൽ രേഖപ്പെടുത്തുക .

15 -20 കുട്ടികളുടെ വ്യക്തിഗതമായ വ്യതിയാനങ്ങൾ ശ്രദ്ധിക്കാൻ ഒരു ടീച്ചറെ (മെന്റർ) ആയി നിശ്ചയിക്കുക .സ്കൂളിൽ കൗൺസിലിംഗ് വൈദഗ്ദ്യം ഉള്ളവരുടെ ക്ലാസുകൾ സംഘടിപ്പിക്കുക .സാങ്കേതികവിദ്യയുടെ പ്രയോജനം ക്ലാസ് റൂമിലും അദ്ധ്യാപകരിലും കാര്യക്ഷമമാക്കുക

കുട്ടികളുടെ സാമൂഹിക അക്കാദമിക പശ്ചാത്തലം മനസിലാകുന്നതിനായി ഭവന സന്ദർശനം ആസൂത്രിതമായി നടത്തുക.

SRG/ സബ്ജക്ട് കൗൺസിൽ തുടങ്ങിയവ കൃത്യമായ ഇടവേളകളിൽ ചേരുക. ഹ്രസ്വകാല , ദീർഘകാല അടിസ്ഥാനത്തിൽ അക്കാദമിക ആസൂത്രണം നടത്തുക

അധ്യാപകപരിശീലനങ്ങളിലും ക്ലസ്റ്റർപരിശീലനത്തിലും മുഴുവൻ അധ്യാപകരുടെയും പങ്കാളിത്തം ഉറപ്പാക്കുക.

ജനകീയസംവിധാനങ്ങൾ രൂപപെടുത്തി അവ ശക്തിപ്പെടുത്തി വിദ്യാലയ പ്രവർത്തനങ്ങൾക്കു പിന്തുണ നൽകുക

രക്ഷാകർതൃ വിദ്യാഭ്യാസത്തിനുള്ള പ്രവർത്തന പദ്ധതികൾ , നിശ്ചിത ഇടവേളകളിൽ കുട്ടികളുടെ വീട് സന്ദർശിക്കുക , സ്കൂൾതലപഠനോത്സവങ്ങൾ എന്നിവയ്ക്കു വേണ്ട പദ്ധതി ആവിഷ്കരിച്ചു നടപ്പാക്കുക .

മയക്കുമരുന്ന് , ലഹരി എന്നിവയ്ക്കെതിരെ നിലപാട് കൈകൊള്ളുന്നതിനായി സ്കൂളിൽ പഠനപ്രവർത്തനങ്ങളുടെ ഭാഗമായും അല്ലാതെയുമുള്ള പവർത്തന പദ്ധതി രൂപീകരിക്കുക - നടപ്പാക്കുക .

ശുചിത്വവിദ്യാലയം , ഹരിതവിദ്യാലയം പദ്ധതി കാര്യക്ഷമമാക്കുക , കൂടുതൽ വികസിപ്പിക്കുക. കായികക്ഷമത വർദ്ധനവിന് പ്രധാന്യം നൽകുക .

**NSS , SPC, Scout**, സീഡ്ക്ലബ്, സംസ്കൃതക്ലബ്, വിദ്യാരംഗം ,സോഷ്യൽക്ലബ് , മാത്സ് ക്ലബ് തുടങ്ങിയവയുടെ പ്രവർത്തനങ്ങൾ മാതൃകാപരമായി തുടരുക കാലോചിതമായ പ്രവർത്തനങ്ങൾ ആവിഷ്കരിക്കുക .

പ്രതിഭ സംഗമം, കലോത്സവം, USS, NMMS പരിശീലന പദ്ധതി , അക്ഷരമുറ്റം സ്കൂൾ FM , ആകാശവാണി തുടങ്ങിയ പ്രവർത്തനപദ്ധതികൾ യഥാ സമയം ഉചിതമായി നടപ്പിലാക്കുക .

രക്ഷാകർതൃസമിതിമീറ്റിംഗ് , പൂർവവിദ്യാർത്ഥി , പൂർവഅധ്യാപകസംഗമം തുടങ്ങിയവ നിലവിലുള്ളതിനേക്കാൾ കൂടുതൽ സംക്രിയമാകുക . സ്കൂളിന്റെ ഭൗതിക സാഹചര്യങ്ങൾ കാലോചിതമായി പരിഷ്കരിച്ചു വേണ്ട മാറ്റങ്ങൾ വരുത്തുക. ഗ്രീൻ പ്രോട്ടോക്കോൾ നടപ്പിലാക്കുക , പാഴ്വസ്തു പരിപാലനപദ്ധതി , ഭക്ഷണദാനം - ഒരു നേരം, ഒരു പൊതിച്ചോർ പദ്ധതി * , വിദ്യാലയക്യാമ്പസ് മദ്യ - മയക്കുമരുന്നു വിമുക്തമാകുക എന്നിങ്ങനെയുള്ള പദ്ധതികളും സ്കൂൾ അക്കാദമിക് മാസ്റ്റർ പ്ലാൻ - ന്റെ ഭാഗമാണ് .

## ഉപസംഹാരം

AMP യിൽ സൂചിപ്പിച്ച പദ്ധതികൾ എല്ലാം പ്രാഥമിക പരിഗണന നൽകുന്നതാണ്. ഇനിയും സമയോചിതമായ കൂട്ടിച്ചേർക്കലുകൾ നടത്തി വികസിപ്പിച്ചു കൊണ്ടിരിക്കും. അക്കാദമിക മാസ്റ്റർ പ്ലാൻ ആയിട്ടാണ് ഇതിനെ രൂപീകരിച്ചത്. വിഷയാടിസ്ഥാനത്തിലുള്ള മാസ്റ്റർപ്ലാൻ ഹ്രസ്വകാല, മധ്യകാല,ദീർഘകാല അടിസ്ഥാനത്തിൽ ഇതോടൊപ്പം ചേർക്കുന്നുണ്ട്. (പരിഷ്കരണ വിധേയം) .